മി. സ്പീക്കർ: പാലക്കാട് എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപക സമരം മൂലം കോളേജിന്റെ പ്രവർത്തനം പൂർണ്ണമായും സ്തംഭിച്ചിരിക്കുന്ന തിനെസംബന്ധിച്ചും ഗവൺമെന്റ് ഈ പ്രശ്നത്തിൽ കാണിക്കുന്ന അനാസ്ഥയെസംബന്ധിച്ചും റൂം 61 അനുസരിച്ച് ശ്രീ. ശിവരാമഭാരതി നോട്ടീസ് കൊണ്ടുവന്നിട്ടുണ്ട്. ഇന്നു ഡിമാൻറു ചർച്ചാവേളയിൽ അതിനെപ്പറ്റി സംസാരിക്കാവുന്നതാണ്.

കേരളാ ബോയ്ലേഴ്സ് ഫ്ളോർകോയ്ണിറ്റ് എന്ന പേരിൽ (കൊല്ലം) പരവൂരിൽ പ്രവർത്തിക്കുന്ന യന്ത്രവൽക്കൃത കയർ ഫാക്ടറിയിലെ തൊഴിലാളികളും കൂലിക്കുടുതലിനും മറ്റുംവേണ്ടി കഴിഞ്ഞ 80 ദിവസങ്ങളായി നടത്തുന്ന തൊഴിൽസമരം ഒത്തുതീർപ്പിലെത്തിക്കേണ്ട പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് റൂം 61 അനുസരിച്ച് ശ്രീ. സി. കെ. ബാലകൃഷ്ണൻ നോട്ടീസ് നൽകിയിട്ടുണ്ട് . അതു ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

REPORT OF THE COMMITTEE ON PRIVATE MEMBERS' BILLS AND RESOLUTIONS

Mr. Speaker: Shri Aboo may present the Report of the Committee on Private Members' Bills and Resolutions.

ശ്രീ. കെ. കെ. അബു: സർ, സ്വകാര്യ അംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ 1970–ലെ രണ്ടാമത്തെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

REPORT OF THE BUSINESS ADVISORY COMMITTEE

Shri T. K. Divakaran: Sir, I move that the Fourth Report of the Business Advisory Committee in 1970 be adopted.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഈ റിപ്പോർട്ടിനകത്ത് 13–ാം തീയതി വച്ചിരുന്ന അജൻറയിൽ ആദ്യം കൊള്ളിച്ചിരുന്ന അനൗദ്യോഗിക ദിവസം തന്നെയാണ് അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ച കൊള്ളിച്ചിരുന്നത്. ആ ചർച്ചമാത്രം മറെറാരു ദിവസത്തേക്കു മാറ്റിവച്ചിട്ടുള്ളതായാണ് കാണുന്നത്. ഇങ്ങനെയൊരു തീരുമാനം ഞാൻ പങ്കെടുക്കുന്ന സമയത്ത് ബിസിനസ് അഡ്വൈസറി കമ്മിറ്റി എടുത്തിരുന്നില്ല. ചർച്ച വന്നത് 13–ാം തീയതി വച്ചിട്ടുള്ള അജൻറാ മറെറാരു ദിവസത്തേക്കു മാറ്റിവച്ചിട്ട് 13–ാം തീയതി ഒഴിവു ദിവസമാക്കണമെന്ന അഭിപ്രായം വരികയും അതിനെ അനുകൂലിക്കാൻ നിവൃത്തിയില്ലെന്നു പറയുകയും ചെയ്തു. 13–ാം തീയതി വച്ചിരുന്ന അനൗദ്യോഗിക ദിവസ ചർച്ച മറെറാരു ദിവസത്തേക്കു മാറ്റിവയ്ക്കണമെന്ന അഭിപ്രായമാണ് വന്നിട്ടുള്ളത്. എന്നാൽ ബഹുമാനപ്പെട്ട സ്പീക്കറുമായി പിറേറദിവസം സംസാരിച്ചപ്പോഴാ മനസ്സിലായിട്ടുള്ളത്, 13–ാം തീയതി വച്ചിരുന്ന അജൻറാ ആകെ മാറണമെന്ന അഭിപ്രായം നിരാകരിക്കപ്പെട്ടതിനുശേഷം 13–ാം തീയതി വച്ചിരുന്ന അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ചയും അനൗദ്യോഗിക കാര്യങ്ങളും രണ്ടും ഒരുമിച്ചെടുക്കുന്നതിനുപകരം ആ ചർച്ച മാറ്റിവച്ചു തീരുമാനം എടുത്തിട്ടുള്ളതായാണ് കാണുന്നത്. ഏതായാലും ഞാനുണ്ടായിരുന്ന സമയത്ത് അങ്ങനെയൊരു അഭിപ്രായമോ തീരുമാനമോ ഉണ്ടായില്ല. ഇതു നിർഭാഗ്യകരമായിപ്പോയി. ഇങ്ങനെയൊരു തീരുമാനം റിപ്പോർട്ടിൽ വന്നിട്ടുള്ളതെങ്ങനെ ആണെന്നു മനസ്സിലാകുന്നില്ല.

ശ്രീ. ടി. എ. മജീദ്: ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞിട്ടുള്ളത് സഭാനേതാവും പ്രതിപക്ഷനേതാവുമായി ആലോചിച്ചു പറയാമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly